# ഗണിതം

## ഭാഗം - 1

## സ്റ്റാൻഡേർഡ് II

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്
സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി
(SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യ പൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

II

# ഗണിതം

*Prepared by*

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First Edition - 2025
Printed at : KBPS, Kakkanad, Kochi
© Department of General Education, Government of Kerala

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ഗണിതപഠനം രസകരമാക്കുന്നതിനുള്ള
വൈവിധ്യമാർന്ന വിഭവങ്ങളുമായാണ്
രണ്ടാം ക്ലാസിലെ ഗണിത പാഠപുസ്തകം
തയ്യാറാക്കിയിരിക്കുന്നത്.
ആസ്വദിച്ചുകൊണ്ട് ഇതിലെ പ്രവർത്തനങ്ങൾ
പൂർത്തിയാക്കാൻ നിങ്ങൾക്കാകും.
അതിലൂടെ പുതിയ പുതിയ അറിവുകൾ
നിർമ്മിച്ചെടുക്കാനും കഴിയും.
ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള
വ്യത്യസ്ത രീതികൾ പരിചയപ്പെട്ടുകൊണ്ട്
അറിവിന്റെ ഉയർന്ന തലങ്ങളിലെത്താൻ
ഈ പുസ്തകം നിങ്ങളെ സഹായിക്കട്ടെ
എന്ന് ആശംസിക്കുന്നു.

സ്നേഹത്തോടെ,

**ഡോ. ജയപ്രകാശ് ആർ.കെ.**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി., കേരളം

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. ഈ. കൃഷ്ണൻ**
ഗണിതവിഭാഗം മേധാവി (റിട്ട.),
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

## ചെയർപേഴ്സൺ

**ഡോ. നാരായണനുണ്ണി എം.പി**
സീനിയർ ലക്ചറർ (റിട്ട.), ഡയറ്റ്, മലപ്പുറം

## വിദഗ്ധർ

**ഡോ. ജയദേവൻ എസ്.കെ.**
സീനിയർ ലക്ചറർ,
ഡയറ്റ്, കണ്ണൂർ

**കെ.ആർ. മുരളീധരൻ പിള്ള**
സീനിയർ ലക്ചറർ (റിട്ട.),
ഡയറ്റ്, കൊല്ലം

**ടി. സുരേഷ്**
സീനിയർ ലക്ചറർ (റിട്ട.)
ഡയറ്റ്, കാസറഗോഡ്

**ഡോ. രമേശ്കുമാർ പി.**
പ്രൊഫസർ & ഹെഡ് (റിട്ട.),
ഗണിതവിഭാഗം, കേരള സർവകലാശാല

## അംഗങ്ങൾ

**കെ.കെ. സുരേഷ്ബാബു**
അധ്യാപകൻ (റിട്ട.)
പാലയാട് സെൻട്രൽ
ജെ.ബി. സ്കൂൾ, പാലയാട്, കണ്ണൂർ

**സജീവൻ സി.വി.**
എൽ.പി.എസ്.എ.
എ.എൽ.പി. സ്കൂൾ, കാരിയിൽ,
ചെറുവത്തൂർ, കാസറഗോഡ്

**സൗദാമിനി കെ.വി.**
പ്രധാനാധ്യാപിക (റിട്ട.),
ഗവ: എൽ.പി. സ്കൂൾ, മൈത്താണി,
ചെറുവത്തൂർ, കാസറഗോഡ്

**സി.ജി. ശ്രീകുമാർ**
പ്രധാനാധ്യാപകൻ,
ഗവ: എൽ.പി. സ്കൂൾ,
നെടുയം, കൊല്ലം

**വിനയചന്ദ്രൻ കെ.**
എൽ.പി.എസ്.എ.,
ഇസ്സത്തുൽ ഇസ്ലാം എ.എൽ.പി.എസ്.
ചന്തേര, കാസറഗോഡ്

**രാജൻ അപ്യാൽ**
പ്രധാനാധ്യാപകൻ,
ഗവ: എൽ.പി. സ്കൂൾ,
കൊഴുമ്മൽ, കണ്ണൂർ

**കുഞ്ഞബ്ദുള്ള എം.**
റിട്ട. പ്രധാനാധ്യാപകൻ,
മുയിപ്പോത്ത് എം.യു.പി.എസ്.
കോഴിക്കോട്

**അനൂപ് കെ.പി.**
എച്ച്.എസ്.ടി. (ഡ്രോയിംഗ്)
പി.എം.എസ്.എ.പി.ടി.എച്ച്.എസ്.എസ്.
കക്കോവ്, മലപ്പുറം

---

## അക്കാദമിക് കോഡിനേറ്റർ

**ഡോ. മീന എസ്**
അസിസ്റ്റന്റ് പ്രൊഫസർ, എസ്.സി.ഇ.ആർ.ടി. കേരളം


**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)**
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012



# ഉള്ളടക്കം




1 അടുക്കളയിലെ
രൂപങ്ങൾ  8

2 ഒളിച്ചേ...
കണ്ടേ...  22

3 നല്ല നാടിനായ്...
നല്ല നാളേക്കായ്...  36

4 സമ്മാനപ്പൊതി  56

5 ഒന്നായ് ചേരാം
നന്നായ് വളരാം  68

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കുതന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം ''രാഷ്ട്രത്തിന്റെ ഐക്യം'' എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).







ഞാൻ..........................................................................................

..........................................................ക്ലാസിൽ പഠിക്കുന്നു.



എന്റെ അമ്മ :

എന്റെ അച്ഛൻ :

എന്റെ ടീച്ചർ :

എന്റെ വിദ്യാലയം :



ഫോൺ നമ്പർ :

ആധാർ നമ്പർ :







# 1

# അടുക്കളയിലെ രൂപങ്ങൾ

അടുക്കളയിൽ എന്തെല്ലാം സാധനങ്ങളാണ് ഉള്ളത്?
അവയെല്ലാം ഒരേ രൂപത്തിലുള്ളതാണോ?



ഈ രൂപത്തിലുള്ളവയ്ക്ക് ● അടയാളമിടുക.



ഈ രൂപത്തിലുള്ളവയ്ക്ക് ✓ അടയാളമിടുക.



ഈ രൂപത്തിലുള്ളവയ്ക്ക് × അടയാളമിടുക.

മറ്റേതെല്ലാം രൂപത്തിലുള്ളവ ഉണ്ട്?



ഈ രൂപങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് പറയാമോ?




അടുക്കളയിലെ പാത്രങ്ങൾ തട്ടിമറിച്ച്
പൂച്ച പുറത്തേക്ക് ഓടി. പുറകെ നമിത്തും.

## എലിയും പൂച്ചയും



പൂച്ചയ്ക്ക് എലിയെ കിട്ടുമോ?

പൂച്ച നുഴഞ്ഞുപോയ ഈ രൂപങ്ങളിലൂടെ നമിത്തും നിഹാരയും കൂട്ടുകാരും നുഴഞ്ഞുപോയി.

ഏതിലൂടെ നുഴഞ്ഞുപോകാനാണ് എളുപ്പം?

## പാത്രങ്ങൾ അടുക്കിവയ്ക്കാം.

നിഹാരയും നമിത്തും
പാത്രങ്ങൾ
അടുക്കിവച്ചത്
നോക്കൂ.



പലതരം പാത്രങ്ങൾ വീട്ടിലുണ്ടല്ലോ.
ഒരേ രൂപത്തിലുള്ളവയെ കൂട്ടങ്ങളാക്കി നോക്കൂ.

ചിത്രത്തിലെ വസ്തുക്കൾ നോക്കൂ.
ഓരോന്നും ഏത് രൂപത്തിലാണ്?



ഏത് രൂപത്തിലുള്ളവയാണ് കൂടുതൽ? ✓ ചെയ്യുക.



 രൂപത്തിലുള്ളവയുടെ എണ്ണം. --------------------

 രൂപത്തിലുള്ളവയുടെ എണ്ണം. --------------------

 രൂപത്തിലുള്ളവയുടെ എണ്ണം. --------------------

 ഈ രണ്ട് രൂപവും ചേർന്നുള്ളവ ഉണ്ടോ?

രണ്ട് രൂപങ്ങൾ ചേർന്ന ഒരു ചിത്രം വരയ്ക്കൂ.

## പലഹാരക്കടയിൽ

കളി കഴിഞ്ഞ് അവർ അച്ഛന്റെ കടയിൽ എത്തി. കടയിൽ പലഹാരങ്ങൾ അടുക്കിവച്ചതുനോക്കൂ.




 രൂപത്തിലുള്ള ബിസ്ക്കറ്റ് പാക്കറ്റുകൾ എത്രയുണ്ട്?

 രൂപത്തിലുള്ളതോ?



കൊഴുക്കട്ട വച്ചിരിക്കുന്നത് കണ്ടല്ലോ. ചിത്രത്തിൽ 5 കൊഴുക്കട്ട കൂടെ വരച്ച് ചേർക്കൂ.

ഇപ്പോൾ ആകെ എത്ര കൊഴുക്കട്ട ഉണ്ട്? ☐

അലമാരയിൽ എത്ര കേക്കുകൾ ഉണ്ട്? ☐

എത്ര കേക്ക് കൂടി വരച്ചാൽ ഇപ്പോഴുള്ള കൊഴുക്കട്ടയുടെ എണ്ണമാകും?

പല രൂപങ്ങൾ ഉപയോഗിച്ച് നമിത്തും നിഹാരയും വരച്ച ചിത്രങ്ങൾ നോക്കൂ. ഒരുപോലുള്ള രൂപത്തിന് ഒരേ നിറം കൊടുത്ത് ചിത്രം ഭംഗിയാക്കൂ.





## കുത്തുകളിലൂടെ വരച്ച രൂപങ്ങൾ

ഓരോ രൂപവും വരയ്ക്കാൻ എത്ര കുത്തുകൾ
ചേർത്ത് വരച്ചു? എണ്ണം എഴുതൂ.







മുകളിലെ ഓരോ രൂപവും എത്ര കുത്തുകൾ
ചേർത്താണ് വരച്ചത്? എണ്ണം എഴുതൂ.



ഓരോ രൂപത്തിനകത്തും
എത്ര കുത്തുകൾ ഉണ്ട്? എണ്ണം എഴുതൂ.



## രൂപങ്ങൾ വരയ്ക്കാം.

12 കുത്തുകൾ യോജിപ്പിച്ച്  ഈ രൂപം വരച്ചുനോക്കൂ.
എങ്ങനെയൊക്കെ വരയ്ക്കാം?

കുറഞ്ഞത് എത്ര കുത്തുകൾ യോജിപ്പിച്ച്  ഈ രൂപം വരയ്ക്കാം?

അകത്ത് 6 കുത്തുകൾ വരുന്ന രീതിയിൽ
 ഈ രൂപം വരയ്ക്കൂ.

കുത്തുകൾ യോജിപ്പിച്ച്  ഈ രൂപം വരയ്ക്കുക.
എത്ര കുത്തുകൾ യോജിപ്പിച്ചു? ..................

 ഈ രൂപം വരയ്ക്കാൻ കുറഞ്ഞത് എത്ര കുത്തുകൾ യോജിപ്പിക്കണം?  ഈ രൂപത്തിനോ?



നമിത്ത് ഉണ്ടാക്കിയ രൂപങ്ങൾ നോക്കൂ.

ഓരോന്നിലും ഉള്ള □ △ ○ ഇവയുടെ എണ്ണം ചുവടെയുള്ള രൂപങ്ങൾക്കുള്ളിൽ എഴുതൂ.





□ △ ○ ഇവ ഉപയോഗിച്ച് ഒരു രൂപം വരയ്ക്കൂ.

നമിത്ത് വ്യായാമം ചെയ്യുന്ന ചിത്രം നോക്കൂ.

വ്യായാമ ചിത്രങ്ങൾ തീപ്പെട്ടി കമ്പുകൾ ഉപയോഗിച്ച് ഉണ്ടാക്കുക. അവയുടെ ചിത്രം വരയ്ക്കുക.









## റിബൺ ചിത്രങ്ങൾ

കടലാസ് റിബണുകൾ ചേർത്തൊട്ടിച്ച്
ഇതുപോലെ വിവിധ ചിത്രങ്ങൾ ഉണ്ടാക്കാം.





## അടുത്ത ചിത്രം വരയ്ക്കാമോ?

 ....................

 ....................

 ....................

 ....................



## ഐസ്ക്രീം ഒളിച്ചപ്പോൾ

ഒരുനാൾ അച്ഛനടുക്കളയിൽ
വലിയൊരു വട്ടപ്പാത്രത്തിൽ
മധുരം നിറയും വാനില ഐസ്ക്രീം
ഞങ്ങൾക്കായി ഒരുക്കീലോ.

അച്ഛനടുക്കള വിട്ടപ്പോൾ
ഐസ്ക്രീം പതിയെ ചാടിയിറങ്ങി
ചതുരപ്പെട്ടി പാത്രത്തിൽ
തക്കം നോക്കിയൊളിച്ചല്ലോ.



കുമ്പിൾപ്പാത്രം കണ്ടപ്പോൾ
കയറീ ഐസ്ക്രീം അതിലേക്കും
വട്ടപ്പാത്രം കണ്ടൊരുനേരം
ഒഴുകിക്കയറി ഒളിച്ചല്ലോ.



പാത്രമതേതിൽ ചെന്നാലും
ഇത്തിരിനേരമിരുന്നെന്നാൽ
അതിന്റെ രൂപം കൈക്കൊള്ളും
അമ്പട ആളൊരു കെങ്കേമൻ.




നിയേ 50 വരെ എണ്ണിക്കോ...
ഇന്ന് നമുക്ക് ഒളിച്ചുകളിക്കാം.

2

# ഒളിച്ചേ... കണ്ടേ...

നിയയുടെ വീട്ടുവളപ്പിൽ
നിറയെ മരങ്ങൾ.
നല്ല തണലും
തണുപ്പുമുണ്ട്.



## എണ്ണിക്കളിക്കാം.







നിയ എണ്ണാൻ വിട്ടുപോയ സംഖ്യകൾ ഇവിടെ എഴുതൂ.




നിയ ആദ്യം ജാൻവിയെ കണ്ടു.

ജാൻവി എണ്ണിയത് 30 മുതലാണ്. ജാൻവി എണ്ണിയ തുടർച്ചയായ പത്തു സംഖ്യകൾ എഴുതൂ.

കൂട്ടുകാരോടൊപ്പം നിങ്ങളും കളിക്കൂ.

കളിക്കുന്നതിനിടയിൽ വഴിയിൽ പെട്ടെന്നൊരു ശബ്ദം.




അവർ പഴങ്ങൾ സഞ്ചിയിലാക്കി.
ഓരോ ഇനവും നിയ എണ്ണിനോക്കി.

## ഓരോന്നും എത്രയുണ്ട്?



ആപ്പിൾ



മാങ്ങ



ഓറഞ്ച്

മാങ്ങയും ഓറഞ്ചും മുഴുവൻ കിട്ടി.
ആകെ 45 ആപ്പിൾ ഉണ്ടായിരുന്നു.
പക്ഷെ എല്ലാം കിട്ടിയില്ല.

ഇനി എത്ര ആപ്പിൾ കിട്ടാനുണ്ട്?

കൂടുതലുള്ള എണ്ണം ഏതാണ്?

കുറവ് എണ്ണമോ?

ഓറഞ്ചിനേക്കാൾ എത്ര കൂടുതൽ ആപ്പിൾ ഉണ്ട്?

## സംഖ്യകളി

സോഹനും നിയയും സംഖ്യകളി തുടങ്ങി.




ഒന്നാമത്തെ കളിയിൽ സോഹന് 40 പോയിന്റ് കിട്ടി.
നിയയ്ക്ക് അതിനെക്കാൾ 7 പോയിന്റ് കൂടുതൽ കിട്ടി.

നിയയ്ക്ക് കിട്ടിയത് എത്ര? 40 നെക്കാൾ 7 കൂടുതൽ. ☐

രണ്ടാമത്തെ കളിയിൽ നിയയ്ക്ക് 44 പോയിന്റ് കിട്ടി.
സോഹന് അതിനെക്കാൾ 14 പോയിന്റ് കുറവാണ് കിട്ടിയത്.

സോഹന് കിട്ടിയത് എത്ര?

44 നെക്കാൾ 14 കുറവ്. ☐

മൂന്നാമത്തെ കളിയിൽ സോഹനും നിയയ്ക്കും കൂടി കിട്ടിയ പോയിന്റ് 50 ൽ കുറവാണ്.

അവരുടെ പോയിന്റുകൾ തമ്മിലുള്ള വ്യത്യാസം 10.
ഓരോരുത്തരുടെയും പോയിന്റുകൾ എത്രയാകാം?

നിയ ☐ സോഹൻ ☐

## ക്ലാസ് അലങ്കരിക്കാം.

നിയയും സോഹനും ക്ലാസ് അലങ്കരിക്കാൻ വർണ്ണക്കടലാസിൽ പല രൂപങ്ങൾ മുറിച്ചു.




മുറിച്ചെടുത്തവ രണ്ടുപേരും നിരത്തിവച്ചു.

★ ന് 10 പോയിന്റ്.  ■ ന് 1 പോയിന്റ്.

ഓരോരുത്തർക്കും എത്ര പോയിന്റ് കിട്ടി?

നിയ ★ ■ ★ ■ ★ ■ ★ ■ ★  ☐ + ☐ = ☐

സോഹൻ ★ ★ ■ ■ ★ ★  ☐ + ☐ = ☐

ആർക്കാണ് കൂടുതൽ? ☐  എത്ര? ☐

ഒപ്പം എത്താൻ സോഹൻ
ഓരോ രൂപവും എത്രയെണ്ണം മുറിക്കണം?

★ ..........  ■ ..........

രൂപങ്ങൾ മുറിച്ചെടുത്ത് ഇതുപോലെ കളിക്കാമല്ലോ.

## എത്ര വയസ്സായി?




അച്ഛന്റെ വയസ്സ് എത്രയാണ്? ☐

മിഹാലിന് 3 വയസ്സ്,
അതിന്റെ ഇരട്ടിയാണ് നിയയുടെ വയസ്സ്.

നിയയുടെ വയസ്സ് എത്രയാണ്? ☐

ഇനിയും അഞ്ച് വർഷം കഴിയുമ്പോൾ ഓരോരുത്തരുടെയും വയസ്സ് എത്രയാകും?

| | | |
|---|---|---|
| അമ്മ | : | 40 നെക്കാൾ 5 കൂടുതൽ - 45 |
| അച്ഛൻ | : | ............................................................ |
| നിയ | : | ............................................................ |
| മിഹാൽ | : | ............................................................ |




നിങ്ങളുടെ വീട്ടിലുള്ളവരുടെ വയസ്സ് എഴുതൂ.

| പേര് | വയസ്സ് |
|---|---|
| | |
| | |
| | |
| | |

# കമ്പ്യൂട്ടർ ഗെയിം



| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| | | | 14 | 15 | 16 | | | | |
| 21 | | 23 | | 25 | 26 | 27 | 28 | 29 | 30 |
| 31 | 32 | | 34 | 35 | | 37 | | 39 | 40 |
| | | | | | | | | | |

കമ്പ്യൂട്ടറിൽ കളിക്കുകയാണ് നിയ. ചില സംഖ്യകൾ വിട്ടുപോയി.

23 കഴിഞ്ഞ് തൊട്ടടുത്ത സംഖ്യ എന്താണ്?

15 ന്റെ തൊട്ടുമുമ്പുള്ള സംഖ്യ എന്താണ്?

29 ന്റെ മുകളിലെ സംഖ്യ എന്താണ്?

39 ന്റെ താഴെയുള്ള സംഖ്യ എന്താണ്?

13, 33, 36, 46, 49 എന്നിവ കമ്പ്യൂട്ടറിൽ ശരിയായ കളങ്ങളിൽ എഴുതുക.

കമ്പ്യൂട്ടറിലെ ഏതാനും കളങ്ങളാണ് ചുവടെയുള്ളത്. ഒഴിഞ്ഞ കളങ്ങളിലെ സംഖ്യകൾ എഴുതൂ.



നിയയും കൂട്ടുകാരും കാർഡ് കളിക്കുകയാണ്.
കൂട്ടുകാർ ജോടിയായത് നോക്കൂ.
മറ്റുള്ളവരെയും ചേർത്ത് വരയ്ക്കൂ.

| | | | |
|---|---|---|---|
|  | 30 | നാല്പത്തിയൊമ്പത് |  |
|  | 49 | മുപ്പത് |  |
|  | 18 | ഇരുപത്തിയൊന്ന് |  |
|  | 21 | മുപ്പത്തിയേഴ് |  |
|  | 37 | പതിനെട്ട് |  |

ഓരോരുത്തർക്കും കിട്ടിയ സംഖ്യകൾ കാർഡിൽ എഴുതൂ.



അവയെ ചെറുതിൽ നിന്ന് വലുതിലേയ്ക്ക് എഴുതൂ.

| | | | | |
|---|---|---|---|---|
| | | | | |

## ജോടിയാക്കൂ.

ഒരേ സംഖ്യകളെ ചേർത്ത് വരയ്ക്കൂ.

| | |
|---|---|
| 4 പത്തുകൾ. | 28 ഒന്നുകൾ. |
| 4 പത്തും<br>6 ഒന്നും. | 3 പത്തും<br>ഒരു ഒന്നും. |
| മുപ്പത്തിയൊന്ന്<br>ഒന്നുകൾ. | 4 പത്തും<br>4 ഒന്നും. |
| ഒരു പത്തും<br>ഒരു ഒമ്പതും. | 40 ഒന്നുകൾ. |
| 2 പത്തും<br>8 ഒന്നും. | 46 ഒന്നുകൾ. |
| നാല്പത്തിനാല്<br>ഒന്നുകൾ. | 19 ഒന്നുകൾ. |

## കൂട്ടങ്ങളാക്കാം.

ഒരേ സംഖ്യയുള്ള കാർഡെടുത്തവർ ഒരു കൂട്ടമായി.

നാല്പത്തി എട്ട്.

20 ഉം 16 ഉം.

ഇരുപത്തിയഞ്ച്.

40

50 നെക്കാൾ 2 കുറവ്.

36

നാല് പത്തും 8 ഒന്നും.

നാല് പത്ത്.

25

നാല്പത്.

ഇരുപതും അഞ്ചും.

10 ഉം 15 ഉം.

| | |
|---|---|
| 30 ഉം 6 ഉം | ഇരുപതിനോട് ഇരുപത് ചേർന്നത്. |
| 48 | മുപ്പത്തിയാറ്. |

## കൂട്ടങ്ങളെ കണ്ടെത്തി എഴുതൂ.

കൂട്ടം - ഒന്ന്

കൂട്ടം - രണ്ട്

കൂട്ടം - മൂന്ന്

കൂട്ടം - നാല്

ഇവയിൽ ഏറ്റവും വലിയ സംഖ്യയേത്?

ഏറ്റവും ചെറിയ സംഖ്യയേത്?




വലിയറ ഗ്രാമപഞ്ചായത്തിലെ വീടുകളിൽ ശുചിത്വ മത്സരമാണ്. ഇത്തവണ ഒന്നാം സ്ഥാനം നേടണം. റൈഹാനും റിയയും അച്ഛനും അമ്മയ്ക്കുമൊപ്പം വീട് വൃത്തിയാക്കാൻ തുടങ്ങി.

# 3

# നല്ല നാടിനായ്...
# നല്ല നാളേക്കായ്...








## വലിയറ ഗ്രാമപഞ്ചായത്ത് ശുചിത്വ മത്സരം

പ്രിയരേ,

നമ്മുടെ വലിയറ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ശുചിത്വ പഞ്ചായത്താക്കി മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. മുഴുവൻ വീടുകളും സ്ഥാപനങ്ങളും ഇതിൽ പങ്കെടുക്കണം. നന്നായി വൃത്തിയാക്കുന്നവർക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. നമ്മുടെ നാട് വൃത്തിയുള്ള നാടാക്കി മാറ്റാൻ എല്ലാവരും സഹകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

എന്ന്,

പ്രസിഡന്റ്,
വലിയറ ഗ്രാമപഞ്ചായത്ത്.

## സാധനങ്ങൾ വാങ്ങാം.




**വീട് വൃത്തിയാക്കാൻ അവർ വാങ്ങിയ സാധനങ്ങളുടെ വില നോക്കൂ.**

| വിലവിവരം | |
|---|---|
| ലോഷൻ | 20 രൂപ |
| സോപ്പ് | 10 രൂപ |
| മോപ്പ് | 60 രൂപ |
| ചൂല് | 30 രൂപ |

മിന്നു 2 ലോഷൻ വാങ്ങി.

ഞാൻ കണക്കാക്കിയത്.

20 + 20 = ☐ രൂപ.

20ന്റെ ഇരട്ടിയാണല്ലോ 40.

***ഒരു സംഖ്യയോട് അതേ സംഖ്യ കൂട്ടിയാൽ ഇരട്ടി ആകും.***

ആമി 5 സോപ്പ് വാങ്ങി.




എത്ര രൂപയായി? ☐

**എങ്ങനെ കണക്കാക്കിയെന്ന് പറയൂ.**



മോപ്പിന്റെ വില ☐ രൂപ.



രണ്ട് ചൂലിന്റെ വില. ☐ + ☐ = ☐ രൂപ.

## ഗൃഹസന്ദർശനം

ഹരിതകർമ്മസേനയിലെ പ്രിയയും കവിതയും വീടുകളിൽ നിന്നും മാലിന്യം ശേഖരിക്കുകയാണ്.




| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 45 | 46 | 47 | 48 | 49 | 50 | 51 | 52 | 53 | 54 | 55 | 56 | 57 |




എത്ര വീടുകളിൽ കയറി?

എത്ര വീടുകൾ ബാക്കി?

58 മുതൽ 99വരെ ക്രമത്തിൽ എഴുതൂ.

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 58 | 59 | 60 | 61 | | | | | | | | 69 | 70 | 71 |
| | | | | | | | | | | | | | |
| | | | | | | | | | | | | | 99 |

വീടുകളിൽ ഒട്ടിക്കാൻ ബാക്കിയുള്ള സ്റ്റിക്കറുകൾ ക്രമമായി വയ്ക്കുകയാണ് കവിത.




അപ്പോൾ കൂട്ടുകാരെത്തി.

ഓരോരുത്തരും എടുത്ത സംഖ്യകൾ അവർ ഉറക്കെ വായിച്ചു.



84
എൺപത്തിനാല്

93
..............................
..............................





78
..............................
..............................

85
..............................
..............................





..............................
തൊണ്ണൂറ്റി എഴ്

..............................
..............................



## ക്രമത്തിൽ എഴുതൂ.

| | | | | | | | |
|---|---|---|---|---|---|---|---|
| 84 | | | | | | | |
| | | | | | | | |

## സംഖ്യാകാർഡുകൾ

റൈഹാനും റിയയും വീടുവൃത്തിയാക്കുമ്പോൾ ഒരു സഞ്ചി കിട്ടി.




ഒരു ചുവപ്പുകാർഡിലെ സംഖ്യയും ഒരു നീലക്കാർഡിലെ സംഖ്യയും കൂട്ടി അവർ സംഖ്യകൾ ഉണ്ടാക്കി. അവ നോക്കൂ.

| | | | | |
|---|---|---|---|---|
| 57 | 81 | 68 | 79 | 47 |

ഇവ ചെറുതിൽ നിന്ന് വലുതിലേക്ക് എഴുതൂ

| | | | | |
|---|---|---|---|---|
| | | | | |

നിങ്ങൾ ഇതുപോലെ സംഖ്യകൾ ഉണ്ടാക്കൂ.

| | | | | |
|---|---|---|---|---|
| | | | | |

ഇവ വലുതിൽ നിന്ന് ചെറുതിലേക്ക് എഴുതൂ.

| | | | | |
|---|---|---|---|---|
| | | | | |

ഇതുപോലെ കാർഡുകളിലെ സംഖ്യകൾ കൂട്ടി
മറ്റു സംഖ്യകൾ എഴുതൂ.

## ഒന്നുകളും പത്തുകളും

ശുചിത്വക്ലബ് അംഗങ്ങൾ പേപ്പർ സ്ട്രോ ഉണ്ടാക്കി.
അവ 10 എണ്ണം വീതമുള്ള കെട്ടുകളാക്കിയും അല്ലാതെയും
വച്ചു. ഓരോരുത്തരും വച്ചത് നോക്കൂ. എണ്ണം എഴുതൂ.

ശ്രീഷ  4 പത്തും 5 ഒന്നും. 40 ഉം 5 ഉം [45]

അനിക  .....പത്തും 3 ഒന്നും. ......ഉം 3 ഉം [ ]

നന്ദു  .....പത്തും.... ഒന്നും. ...... ഉം ...... ഉം [ ]

ആരുഷ്  .....പത്തും.... ഒന്നും. ..... ഉം ..... ഉം [ ]

എണ്ണം ചെറുതിൽ നിന്ന് വലുതിലേക്ക് ക്രമമായി എഴുതൂ.

## ഒന്നിച്ചുവച്ചപ്പോൾ

അദ്വിതയും നന്ദുവും ഉണ്ടാക്കിയ പേപ്പർ സ്ട്രോകൾ നോക്കൂ.



അദ്വിത എത്ര പേപ്പർ സ്ട്രോ ഉണ്ടാക്കി? ☐

നന്ദു എത്ര പേപ്പർ സ്ട്രോ ഉണ്ടാക്കി? ☐

ആകെ എത്ര സ്ട്രോ ഉണ്ടാക്കി? ☐

എങ്ങനെ കണക്കാക്കി?

ചങ്ങാതി കണക്കാക്കിയതെങ്ങനെ? പറയൂ. എഴുതൂ.

## ബാഡ്ജ് ഉണ്ടാക്കാം.

ശുചിത്വക്ലബ് അംഗങ്ങൾക്കായി ബാഡ്ജ് ഉണ്ടാക്കി. അവയ്ക്ക് നിറം കൊടുത്ത് ഭംഗിയാക്കൂ.



### ബാഡ്ജിലെ സംഖ്യകൾ ക്രമമായി വരച്ചു യോജിപ്പിക്കൂ. എഴുതൂ.




| | |
|---|---|
| 50 | 78 |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |
| | |



സാവനും കൂട്ടുകാരും ബാഡ്ജുകൾ അടുക്കിവയ്ക്കുകയാണ്.
50 എണ്ണം എടുത്തുവച്ചു.



ബാക്കിയുള്ളവ കൂടി ചേർത്ത് എണ്ണിവയ്ക്കുകയാണ്.

50 ഉം 1 ഉം 51
51 ഉം 1 ഉം 52

$50 + 1 = 51$
$51 + 1 = 52$
$52 + 1 = 53$
$53 + 1 = 54$
........................
........................
........................
........................



നിവേദ് ഇങ്ങനെയാണ് എഴുതിയത്.

സഫ എഴുതിയത് മറ്റൊരു രീതിയിലാണ്.



$50 + 1 = 51$
$50 + 2 = 52$
$50 + 3 = 53$
$50 + 4 = 54$
........................
........................
........................
........................

60 ബാഡ്ജുകളാണ് അടുക്കിവച്ചത്.

60 നെ പലവിധത്തിലാണ് ഓരോരുത്തരും പറഞ്ഞത്.




**എഴുതിനോക്കൂ.**



## ശുചിത്വവീട്

ശുചിത്വവീട് മത്സരത്തിൽ കൂടുതൽ മാർക്ക് കിട്ടിയ 5 വീടുകളുടെ പട്ടിക നോക്കൂ. ആദ്യത്തെ 5 സ്ഥാനങ്ങൾ കണ്ടുപിടിച്ച് പട്ടികയിൽ എഴുതൂ.

| വീട്ടുപേര് | മാർക്ക് |
|---|---|
| നീലാംബരി | 89 |
| ശ്രീപഥം | 68 |
| തണൽ | 99 |
| അതിഥി | 90 |
| മേഘാമൃതം | 71 |

| സ്ഥാനം | വീട്ടുപേര് | മാർക്ക് |
|---|---|---|
| ഒന്ന് | | |
| രണ്ട് | | |
| മൂന്ന് | | |
| നാല് | | |
| അഞ്ച് | | |

ഒന്നാം സ്ഥാനത്തിന് കിട്ടിയ മാർക്ക് എത്രയാണ്?

ഇത് രണ്ടാം സ്ഥാനത്തിനെക്കാൾ എത്ര കൂടുതലാണ്?

ഒന്നും മൂന്നും സ്ഥാനങ്ങൾ തമ്മിൽ എത്ര മാർക്ക് വ്യത്യാസം ഉണ്ട്?



ശുചിത്വവീട് മത്സരത്തിൽ അമേയയുടെ വീടിനാണ് ഒന്നാം സ്ഥാനം. 99 മാർക്കാണ് കിട്ടിയത്. എല്ലാവരും സന്തോഷിച്ചു.






ഒരു മാർക്കുകൂടി കിട്ടിയാൽ എത്ര മാർക്ക് ആകും? ☐

**9 പത്തും 9 ഒന്നും 99** ഒന്നുകൂടി ചേർന്നാൽ **99 ഉം 1 ഉം നൂറ്**

**99 + 1 = 100**

**10** + **10** + **10** + **10** + **10** + **10** + **10** + **10** + **10** + **10**




| | | |
|---|---|---|
| 5 പത്ത് **50** | 7 പത്ത് **70** | 9 പത്ത് **90** |
| 6 പത്ത് **60** | 8 പത്ത് **80** | 10 പത്ത് **100** |

## നൂറിനപ്പുറത്തേക്ക്







**101**

നൂറും ഒന്നും
നൂറ്റി ഒന്ന്

**100+1**

100 കഴിഞ്ഞുവരുന്ന അടുത്ത സംഖ്യ

**101**




100 ഉം 5 ഉം 105

100 + 9 = 109

100 + 1 = 101
101 + 1 = 102
102 + 1 = 103
103 + 1 = 104
................................
................................
................................
................................
................................
................................

100 + 1 = 101
100 + 2 = 102
100 + 3 = 103
100 + 4 = 104
................................
................................
................................
................................
................................
................................

109 നോട് 1 ചേർന്നാൽ എത്രയാകും?

## നൂറ്റിപ്പത്ത്




100 + 10 = 110

109 + 1 = 110

109 നോട് 1 ചേർന്നാലും 100 നോട് 10 ചേർന്നാലും 110 തന്നെ.

100 ഉം 20 ഉം ചേർന്നാൽ 120.
100 ഉം 30 ഉം ചേർന്നാൽ 130.

100 നെക്കാൾ 40 കൂടിയ സംഖ്യ 140.

100 + 80 = 180



## സംഖ്യകൾ എഴുതാം.




ചില സംഖ്യകൾ
എഴുതിയിട്ടില്ല.
അവ എഴുതി
ചേർക്കാം.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 101 | 102 | 103 | | 105 | | 107 | | | 110 |
| 111 | | | | | | | | 119 | |
| | 122 | | 124 | | | | 128 | | 130 |
| | | | | | | 137 | | | |
| | | | | | 146 | | | | 150 |

നിറമുള്ള കളത്തിലെ സംഖ്യകൾ തമ്മിലുള്ള ബന്ധം എന്താണ്?

5 വീതം കൂടിവരുന്ന 5 സംഖ്യകൾക്ക് മഞ്ഞ നിറം കൊടുക്കൂ.

എല്ലാവരും നിറം കൊടുത്തത് ഒരേ സംഖ്യകൾക്കാണോ?

150 ന് ശേഷമുള്ള സംഖ്യകളിൽ വിട്ടുപോയവ എഴുതിച്ചേർക്കൂ.

| | | | | |
|---|---|---|---|---|
| 151 | 161 | 171 | | |
| 152 | | | | 192 |
| 153 | 163 | | 183 | |
| | | 174 | | 194 |
| | 165 | | | 195 |
| 156 | | | 186 | |
| | | | | 197 |
| 158 | | 178 | | |
| 159 | 169 | | | |
| 160 | | | 190 | 200 |

**199 ഉം 1 ഉം**
**199 + 1 = 200**

നൂറും നൂറും കൂട്ടിയാൽ...



**190 ഉം 10 ഉം കൂട്ടിയാലോ?**

190 എന്നാൽ
100 ഉം 90 ഉം.
190 നോട് 10 കൂട്ടുമ്പോൾ
100 ഉം 90 ഉം 10 ഉം
**100 + 90 + 10**
100 ഉം 100 ഉം ഇരുന്നൂറ്.
**100 + 100 = 200**

അമ്മേ
ഇതൊന്നു
പറഞ്ഞുതന്നേ...
പ്ലീസ്....



## ക്രമത്തിൽ എഴുതാം.

അശ്വിനി നമ്പരുകൾ ക്രമമായി എഴുതി.
മറ്റുള്ളവ കണ്ടുപിടിച്ച് ഇതേ ക്രമത്തിൽ എഴുതൂ.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 110 | 120 | 130 | 140 | | | | | | |










100 + 10 = 110
100 + 20 = 120
100 + 30 = 130
100 + 40 = 140

100 + 50 = 150
100 + 60 = 160
.................................
.................................
.................................
100 + 100 = 200

## ഗണിത ക്വിസ്

ഗണിതക്ലബിന്റെ ബോർഡിൽ ചോദ്യങ്ങൾ എഴുതിയത് നിമിഷയും കൂട്ടുകാരും വായിച്ചു.

ഉത്തരം എഴുതൂ.




കൂടുതൽ ചോദ്യങ്ങൾ കണ്ടുപിടിച്ച് എഴുതൂ.
ഉത്തരവും എഴുതണേ.



# 4
# സമ്മാനപ്പൊതി



ഫിസിനും ഫിസയും
മാമനെ കാത്തിരിക്കുകയാണ്.




പൊതിയിൽ എന്തായിരിക്കും?

# സമ്പാദ്യപ്പെട്ടി




രണ്ടുപേരും നാണയങ്ങളും നോട്ടുകളും
എണ്ണിവച്ചു.

| ഫിസിൻ | ഫിസ |
|---|---|

**ഫിസിൻ**



എത്ര രൂപ? ☐

**ഫിസ**



എത്ര രൂപ? ☐

## ഏതൊക്കെ നോട്ടുകൾ?




ഏതൊക്കെ നോട്ടുകൾ നിങ്ങൾ കണ്ടിട്ടുണ്ട്? എഴുതൂ.

## എത്ര രൂപ?

ഓരോ കൂട്ടത്തിലും എത്ര രൂപയെന്ന് കണക്കാക്കി വരച്ചുചേർക്കൂ.











100

20

50

40

30

## പണമെടുക്കാം.

ഫിസയും ഫിസിനും മാമനൊപ്പം പട്ടണത്തിലേക്ക് പോയി. ATM ൽ നിന്ന് പണമെടുത്തു.




**ATM ൽ നിന്ന് കിട്ടിയ നോട്ടുകൾ.**



എത്ര നൂറ് രൂപാ നോട്ടുകൾ? ☐

എത്ര ഇരുന്നൂറ് രൂപാ നോട്ടുകൾ? ☐

## ചില്ലറയാക്കാം.

അവർ ഓട്ടോയിൽ കയറി ചന്തയിൽ എത്തി.




**ചില്ലറ കിട്ടിയത്.**



എത്ര 10 രൂപ നോട്ടുകൾ? ☐

എല്ലാം 20 രൂപ ആയാലോ? ☐

എല്ലാം 5 രൂപ ആയാലോ? ☐

## വമ്പിച്ച വിലക്കുറവ്

മാമൻ കുട്ടികളെയും കൂട്ടി കളിപ്പാട്ടക്കടയിൽ എത്തി.

പകുതി വില മാത്രം



ഇത് ₹ രൂപയെ സൂചിപ്പിക്കുന്നു.

ഫിസിൻ 40 രൂപ വിലയുള്ള പാവ വാങ്ങി. എത്ര രൂപ കൊടുക്കണം?

മറ്റുള്ളവയുടെ വില നോക്കൂ. എത്ര രൂപ കൊടുക്കണം?




**വില വിവരം**

| വില | പകുതി വില |
|---|---|
| 10 രൂപ | |
| 20 രൂപ | 10 രൂപ |
| 100 രൂപ | |
| 50 രൂപ | |
| 40 രൂപ | |




രണ്ടുപേർക്കും ഇഷ്ടപ്പെട്ട കളിപ്പാട്ടങ്ങൾ കിട്ടി.

## കളിപ്പാട്ടങ്ങളുടെ വില

രണ്ടുപേരും വാങ്ങിയ കളിപ്പാട്ടങ്ങൾ കണ്ടില്ലേ?

ഫിസിൻ വാങ്ങിയത്.

 ☐

 ☐

 ☐

ആകെ ☐ രൂപ

ഫിസ വാങ്ങിയത്.

 ☐

 ☐

 ☐

 ☐

ആകെ ☐ രൂപ

ആരാണ് കൂടുതൽ രൂപയ്ക്ക് കളിപ്പാട്ടങ്ങൾ വാങ്ങിയത്?

☐

70 രൂപയ്ക്ക് ഏതൊക്കെ കളിപ്പാട്ടങ്ങൾ വാങ്ങാം?

☐

## പണക്കണക്ക്

ഒരു മാസം കഴിഞ്ഞപ്പോൾ ഫിസിനും ഫിസയും സമ്പാദ്യപ്പെട്ടി തുറന്നു. എത്ര രൂപയുണ്ടെന്ന് എണ്ണി നോക്കി.




200 രൂപയാകാൻ എത്ര ഒരു രൂപ വേണം? ☐

50 രൂപയാകാൻ എത്ര 10 രൂപ വേണം? ☐

100 രൂപയാകാൻ എത്ര 10 രൂപ വേണം? ☐

200 രൂപയാകാനോ? ☐

## ചില്ലറയാക്കാം.













ഷോബിൻ 100 രൂപ ചില്ലറയാക്കിയപ്പോൾ ഈ നോട്ടുകൾ എല്ലാം കിട്ടിയിരുന്നു. ഓരോ നോട്ടും എത്ര എണ്ണം വീതമാകാം?

| നോട്ട് | എണ്ണം |
|---|---|
| 5 രൂപ | |
| 10 രൂപ | |
| 20 രൂപ | |
| 50 രൂപ | |

## സമ്പാദ്യം

**ഫിസ**

1 രൂപ നാണയം 10.

5 രൂപ നാണയം 3.

10 രൂപ നോട്ട് 2.

50 രൂപ നോട്ട് 1. ആകെ

**ഫിസിൻ**

5 രൂപ നോട്ട് 1.

5 രൂപ നാണയം 4.

10 രൂപ നോട്ടുകൾ 5. ആകെ

ആരുടെ സമ്പാദ്യപ്പെട്ടിയിലാണ് കൂടുതൽ തുക?

എത്ര രൂപ കൂടുതൽ?

## പത്രവാർത്ത



### ചികിത്സാ സഹായം തേടുന്നു

ചെറുവണ്ണൂർ: കരൾ സംബന്ധമായ അസുഖത്തെ തുടർന്ന് ആശുപത്രിയിൽ കഴിയുന്ന യുവതി ചികിത്സാസഹായം തേടുന്നു.




ഫിസിനും ഫിസയും അവരുടെ കൈയിലുള്ള 10 രൂപ നോട്ടുകളും 5 രൂപ നോട്ടുകളും ചികിത്സാസഹായത്തിന് കൊടുത്തു.

എത്ര രൂപയാണ് കൊടുത്തത്? ☐



‘**നിറവ്**’ കുടുംബശ്രീ യൂണിറ്റിൽ സോപ്പ് ഉണ്ടാക്കുകയാണ്. ഇന്ന് അവധിയായതിനാൽ മാനവ് അമ്മയോടൊപ്പം അവിടെ എത്തി.

# 5

# ഒന്നായ് ചേരാം നന്നായ് വളരാം



ഓരോരുത്തരും
എണ്ണിയ
സോപ്പുകൾ
നോക്കൂ.





ശാന്ത

പത്തിന്റെ കൂട്ടങ്ങൾ. ☐

ഒന്നുകൾ. ☐

ആകെ $10 + 3 = \square$





ലത

പത്തിന്റെ കൂട്ടങ്ങൾ. ☐

ഒന്നുകൾ. ☐

ആകെ $\square + \square = \square$



നജ്മ

പത്തിന്റെ കൂട്ടങ്ങൾ. ☐

ഒന്നുകൾ. ☐

ആകെ ☐ + ☐ = ☐



റോസി

പത്തിന്റെ കൂട്ടങ്ങൾ. ☐

ഒന്നുകൾ. ☐

ആകെ ☐ + ☐ = ☐

പത്തിന്റെ കൂട്ടങ്ങൾ. ☐

ഒന്നുകൾ. ☐

ആകെ ☐ + ☐ = ☐



നിഷ



റോസിയും ശാന്തയും കൂടി
എത്ര സോപ്പുകൾ എണ്ണി വച്ചു?

☐ + ☐ = ☐

| | | | |
|---|---|---|---|
| റോസി എണ്ണിയത്. |  |  | 20 + 4 = 24 |
| ശാന്ത എണ്ണിയത്. | | | 10 + 3 = 13 |
| രണ്ടുപേരും കൂടി എണ്ണിവച്ചത്. | | | 30 + 7 = 37 |

24 + 13 = 20 + 10 + 4 + 3

20 ഉം 10 ഉം 30.
4 ഉം 3 ഉം 7.
30 ഉം 7 ഉം 37.

20 + 4 = 24
10 + 3 = 13
30 + 7 = 37

ശാന്തയും നജ്മയും കൂടി എത്ര സോപ്പുകൾ എണ്ണി?

13 + 50 = 10 + 50 + 3 = ..........................

ലതയും നിഷയും കൂടി ആകെ എത്ര സോപ്പുകൾ എണ്ണി?

## സംഖ്യാമാല

**23 + 26** സംഖ്യാമാലയിൽ കാണിച്ചത് നോക്കൂ.




ഉത്തരമെഴുതൂ. ☐

**14 + 25** സംഖ്യാമാലയിൽ മുത്തുകൾ വരച്ചുകാണിക്കൂ.



---

സംഖ്യാമാലയിൽ എത്ര മുത്തുകൾ ഉണ്ട്? ☐



സംഖ്യമാലയിലെ സംഖ്യകൾ ഏതൊക്കെയാകാം?

സംഖ്യകൾ ...... + ......

---

മാനവിന് കിട്ടിയ കാർഡ് നോക്കൂ. 32 + 13

മാല കോർക്കാൻ എത്ര മുത്തുകൾ വേണം?

☐

മറ്റുചിലർക്ക് കിട്ടിയ കാർഡുകളാണ് ചുവടെയുള്ളത്.

16 + 42    35 + 14    22 + 67

ഓരോരുത്തർക്കും ആകെ എത്ര മുത്തുകൾ വേണമെന്ന് കണക്കാക്കുക.

മാനവും അവിനയും സോപ്പുകൾ അടുക്കിവച്ചത് നോക്കൂ.




ഓരോരുത്തരും എത്ര എണ്ണം അടുക്കിവച്ചു?

അവിന - 2 പത്തും 7 ഒന്നും = 27

മാനവ് - 1 പത്തും 5 ഒന്നും = 15

രണ്ടു പേരും കൂടി എത്ര സോപ്പുകൾ അടുക്കിവച്ചു?

27 ന്റെയും 15 ന്റെയും തുക കണക്കാക്കണം.

27 + 15

2 പത്തും + 1 പത്തും + 7 ഒന്നും + 5 ഒന്നും

രണ്ടുപേരും കൂടി - 3 പത്തും 12 ഒന്നും.

27 + 15

20 + 10 +7 +5

30 + 12 = 30 + 10 + 2 = 42

| | |
|---|---|
| 20 + 7 | = 27 |
| 10 + 5 | = 15 |
| 30 + 12 | = 42 |

പത്തുകൾ കൂട്ടിയാൽ.

2 പത്ത് + 1 പത്ത് = 3 പത്ത്



20 10 = 30

ഒന്നുകൾ കൂട്ടിയാൽ.



7 + 5 = 12 ഒന്ന് = 1 പത്ത് 2 ഒന്ന്

$7 + 3 + 2 = 10 + 2 = 12$

ആകെ സോപ്പ്

4 പത്ത് + 2 ഒന്ന്



4 പത്ത്. 2 ഒന്ന്. 42

40 + 2 = 42

## എത്ര സോപ്പ്?

ആകെ എത്ര സോപ്പ്? കണക്കാക്കി എഴുതൂ.



☐ + ☐ = ☐

കണക്കാക്കിയത് എങ്ങനെ? ☐

## കട്ടകൾകൊണ്ട് കളിക്കാം.

ഹരിത, അൻഷിദ്, നിത, അജൽ എന്നിവർ കട്ടകൾ കൊണ്ട് കളി തുടങ്ങി.

ഹരിതയ്ക്കും അൻഷിദിനും കിട്ടിയ കട്ടകളുടെ ചിത്രം നോക്കൂ.




രണ്ടുപേർക്കും കൂടി ആകെ എത്ര കട്ടകളാണ് കിട്ടിയത്?



ഹരിത ☐ + അൻഷിദ് ☐ = ☐

നിതയ്ക്കും അജലിനും കൂടി 68 കട്ടകൾ കിട്ടി.
ഏതു ഗ്രൂപ്പാണ് കളിയിൽ ജയിച്ചത്?
അവർക്ക് എത്ര കട്ടകൾ കൂടുതൽ കിട്ടി? എങ്ങനെ കണക്കാക്കി?
കൂട്ടുകാരോട് പറയൂ.

നിതയ്ക്കും അജലിനും കിട്ടിയ കട്ടകൾ എത്രയൊക്കെ ആകാം?

| നിത | അജൽ |
| --- | --- |
| | |

| ഞാൻ കണക്കാക്കിയത്. | ചങ്ങാതി കണക്കാക്കിയത്. |
| --- | --- |
| | |

രണ്ടാമത്തെ കളിയിൽ ഒന്നാം ഗ്രൂപ്പിന് 48 കട്ടകൾ കിട്ടി.
ഹരിതയ്ക്ക് കിട്ടിയതിനേക്കാൾ 4 എണ്ണം കൂടുതലായിരുന്നു അൻഷിദിന് കിട്ടിയത്.

ഹരിതയ്ക്ക് എത്ര കട്ടകൾ കിട്ടി?

അൻഷിദിന് എത്ര കട്ടകൾ കിട്ടി?

എങ്ങനെയാണ് കണക്കാക്കിയത്? ക്ലാസിൽ പറയൂ. എഴുതൂ.

ആകെ കട്ടകളെ പത്തിന്റെയും ഒന്നിന്റെയും കൂട്ടമാക്കി വച്ചാൽ,

പത്തിന്റെ എത്ര കൂട്ടം ഉണ്ടാകും?

ഒന്നുകൾ എത്ര ഉണ്ടാകും?

രണ്ടാം ഗ്രൂപ്പിന് ആകെ 27 കട്ടകൾ കിട്ടി. നിതയ്ക്ക് കിട്ടിയതിനേക്കാൾ 5 എണ്ണം കുറവായിരുന്നു അജലിന് കിട്ടിയത്.

നിതയ്ക്ക് കിട്ടിയ കട്ടകളുടെ എണ്ണം. ☐

അജലിന് കിട്ടിയ കട്ടകളുടെ എണ്ണം. ☐

എങ്ങനെ കണക്കാക്കി? നിങ്ങളുടെ ഗ്രൂപ്പിൽ പറയൂ. എഴുതൂ.

## സോപ്പുവാങ്ങാം.



നജ്മയിൽ നിന്ന് 13 സോപ്പുകൾ മിയ വാങ്ങി.
അതിന്റെ ഇരട്ടി എണ്ണം മോഹിത് വാങ്ങി.
നജ്മയ്ക്ക് ആകെ എത്ര സോപ്പ് ചെലവായി?

| ഞാൻ കണക്കാക്കിയത്. | ചങ്ങാതി കണക്കാക്കിയത്. |
|---|---|
| | |




ഇങ്ങനെ സോപ്പ് അടുക്കി വയ്ക്കണം. 10 സോപ്പ് അടുക്കിവച്ചാലുള്ള ചിത്രം നോട്ടുബുക്കിൽ വരയ്ക്കൂ.

- ഇതുപോലെ 7 അട്ടികൾ വച്ചാൽ എത്ര സോപ്പുകൾ ഉണ്ടാകും?
- 10 അട്ടി വച്ചാലോ?

എങ്ങനെ കണക്കാക്കി? ചങ്ങാതിയോട് പറയൂ.

## മനസ്സിൽ കണക്കാക്കാം, പറയാം.

നിതയുടെ അമ്മ സോപ്പുവാങ്ങാൻ 45 രൂപ കൊടുത്തു.
നിതയുടെ കൈയിൽ 8 രൂപയുണ്ടായിരുന്നു.
ആകെ എത്ര രൂപയായി?

8 രൂപ എന്നാൽ 5 രൂപയും
3 രൂപയുമാണല്ലോ.
ഞാൻ 45 രൂപയോട്
5 രൂപ കൂട്ടി.
അപ്പോൾ 50 രൂപയായി.
50 നോട് 3 കൂട്ടി
53 രൂപ എന്നു കിട്ടി.

$45 + 8$
$40 + 5 + 8$
$40 + 13$
$40 + 10 + 3$
$= 50 + 3 = 53$
ഞാൻ ഇങ്ങനെയാണ്
കണക്കാക്കിയത്.





## ഉത്തരം പറയാമോ?

അമ്മ 58 സോപ്പ് പെട്ടിയിലാക്കി. ഞാൻ 2 എണ്ണം കൂടി ആ പെട്ടിയിൽ വച്ചു. അമ്മ വീണ്ടും 9 എണ്ണം വച്ചു. ഇപ്പോൾ പെട്ടിയിൽ ആകെ എത്ര സോപ്പുകളുണ്ട്?

12 രൂപയോട് 3 രൂപ ചേർന്നപ്പോൾ 15 രൂപയായി. 12 രൂപയോട് 8 രൂപ ചേർന്നാൽ എത്രയാകും?



## മനസ്സിൽ കണക്കാക്കിയ രീതി

28 + 36 മനസ്സിൽത്തന്നെ കണക്കാക്കിയത് എങ്ങനെയാണ്? ✓ അടയാളമിടുക.

- 20 + 30=50 | 8 + 6 = 14 | 50 + 14 = 64
- 28 + 2 = 30 | 30 + 34 = 64
- 36 + 4 = 40 | 40 + 24 = 64
- 28 + 30 = 58 | 58 + 6 = 64
- 20 + 30 + 8 + 6 = 50 + 14 = 64

നിങ്ങൾ കണക്കാക്കിയ രീതി എഴുതൂ.

പാർക്കിലെത്തിയ മാനവും അവിനയും ചായക്കടയിലെ ബോർഡുകണ്ടു.
അവിന പറഞ്ഞു. 'എന്റെ കൈയിൽ 40 രൂപയുണ്ട്'.
അതിന് എന്തൊക്കെ വാങ്ങാൻ പറ്റും?




പലതരം കളികളും അവിടെ ഉണ്ടായിരുന്നു.

ഊഞ്ഞാലാട്ടം




സൈക്കിൾ ഓട്ടം




കാറോട്ടം




അവിന ഊഞ്ഞാലാട്ടം കഴിഞ്ഞ് കാറോട്ടത്തിനും പോയി.

രണ്ടിനും കൂടി എത്ര രൂപ വേണ്ടിവരും? [ ]

എങ്ങനെ കണക്കാക്കി? [ ]

കളി ബോർഡിൽ എഴുതിയ സംഖ്യകൾ ഇങ്ങനെയാണ്. ഒഴിഞ്ഞ കളങ്ങൾ പൂർത്തിയാക്കൂ.

| | +3 | +5 | +8 | +9 |
|---|---|---|---|---|
| 10 | 13 | | | |
| 30 | | 35 | | |
| 40 | | | | |
| 50 | | | 58 | |
| 70 | | | | |
| 80 | | | | |
| 90 | | | | |






സ്കൂൾ സ്റ്റോറിൽ നിന്നും അവിനയും മാനവും പുസ്തകങ്ങൾ വാങ്ങി. അവിന വാങ്ങിയ പുസ്തകങ്ങൾക്ക് 24 രൂപയും 23 രൂപയുമായിരുന്നു വില. മാനവ് വാങ്ങിയത് 32 രൂപയുടെയും 16 രൂപയുടേയും പുസ്തകങ്ങളാണ്. ആരാണ് കൂടുതൽ രൂപ കൊടുത്തത്? എത്ര രൂപ കൂടുതൽ?

## ബലൂണുകൾക്ക് നിറം കൊടുക്കൂ.

ഒരേ തുകയുള്ള ബലൂണുകൾക്ക് ഒരേ നിറം കൊടുക്കുക.



## ചതുരക്കണക്കുകൾ

ഓരോന്നിന്റെയും തുക അതത് കളത്തിൽ എഴുതൂ.

22 കൂട്ടുക

| 8 കൂട്ടുക | | | | 12 കൂട്ടുക |
|---|---|---|---|---|
| | | | | |
| | 46 | 38 | | |
| | | | | |

18 കൂട്ടുക

18 കൂട്ടുക

| 15 കൂട്ടുക | | | | 25 കൂട്ടുക |
|---|---|---|---|---|
| | | | | |
| | | 75 | | |
| | | | | |

23 കൂട്ടുക

ഒരേ നിറമുള്ള കളത്തിലെ സംഖ്യകൾ കൂട്ടി നടുക്കുള്ള കളത്തിലെഴുതുക.

| | | |
|---|---|---|
| | 45 | |
| 39 | | 29 |
| | 23 | |

| | | |
|---|---|---|
| | 44 | |
| 26 | | 56 |
| | 38 | |

മുകളിലത്തേതുപോലെ മറ്റു രണ്ടക്ക സംഖ്യകൾ കളങ്ങളിലെഴുതുക. ആ സംഖ്യകൾ കൂട്ടി നടുക്കുള്ള കളത്തിലെഴുതുക.

| | | |
|---|---|---|
| | | |
| | | |
| | | |

| | | |
|---|---|---|
| | | |
| | | |
| | | |

## വരക്കണക്കുകൾ




ചേർത്തു വരച്ചിരിക്കുന്നവ കൂട്ടി നോക്കൂ.

32 + 34 =

കിട്ടിയ സംഖ്യകൾ ഇവിടെ എഴുതുക.

സംഖ്യകൾക്ക് എന്തെങ്കിലും പ്രത്യേകത ഉണ്ടോ?

പറയൂ. എഴുതൂ.

ഇതുപോലുള്ള മറ്റു രണ്ടക്കസംഖ്യകൾ ഏതൊക്കെയാണ്?

അക്കങ്ങൾ ആവർത്തിക്കുന്ന എത്ര രണ്ടക്ക സംഖ്യകൾ ഉണ്ട്?

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online **R.T.E Monitoring : www.nireekshana.org.in***